LIBRARY ARCHIVES Kerala Legislative Assembly

കുഴൽമന്ദം മണ്ഡലത്തിൽ മാവേലി/ലാഭം സ്റ്റോറുകൾ ആരംഭിക്കാൻ നടപടി

41 [1173] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവേലി സ്റ്റോറുകളോ, ലാഭം സ്റ്റോറുകളോ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) കുഴൽമന്ദം മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് മാവേലി സ്റ്റോറുകളോ ലാഭം സ്റ്റോറുകളോ ഇല്ലാത്തതെന്നും പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ എന്നത്തേയ്ക്ക് മാവേലി സ്റ്റോറുകളോ, ലാഭം സ്റ്റോറുകളോ ആരംഭിക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മാവേലി സ്റ്റോറുകൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും അനുയോജ്യമായ കെട്ടിടം പഞ്ചായത്ത് അധികൃതർ ലഭ്യമാക്കുന്ന മുറയ്ക്ക് മാവേലി സ്റ്റോർ തുറന്നു പ്രവർത്തിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. വിപണന സാദ്ധ്യത, വിറ്റുവരവ്, അനുയോജ്യമായ കെട്ടിട സൗകര്യം തുടങ്ങിയ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിലും ലാഭം മാർക്കറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) കുഴൽമന്ദം നിയോജകമണ്ഡലത്തിൽപ്പെട്ട പെരിങ്ങോട്ടുകുറിശ്ശി, കൂത്തന്നൂർ, മാത്തൂർ, തേങ്കുറിശ്ശി എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ നിലവിലില്ല. പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയായിട്ടുണ്ട്. മാത്തൂർ പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കൂത്തന്നൂർ, തേങ്കുറിശ്ശി എന്നീ പഞ്ചായത്തുകളിൽ അനുയോജ്യമായ കെട്ടിടം പഞ്ചായത്ത് അധികൃതർ ലഭ്യമാക്കുന്ന മുറയ്ക്ക് മാവേലി സ്റ്റോർ തുറന്നു പ്രവർത്തിപ്പിക്കാവുന്നതാണ്.

സംസ്ഥാനത്ത് അടച്ചുപൂട്ടിയ മാവേലി സ്റ്റോറുകളുടെ എണ്ണം

42 [1174] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മാവേലി സ്റ്റോറുകൾ അടച്ചുപൂട്ടി; ജില്ല തിരിച്ച് വിശദവിവരം നൽകുമോ;

(ബി) പൊതുവിതരണം ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും മാനദണ്ഡം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) റേഷൻ കടകൾ വ്യാപകമായി അടച്ചുപൂട്ടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ നിലനിർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു മാവേലി സ്റ്റോർ പോലും അടച്ചുപൂട്ടിയിട്ടില്ല.

(ബി) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അതിന്റെ 839 മാവേലി സ്റ്റോർ, 121 ലാഭം മാർക്കറ്റുകൾ, 21 മൊബൈൽ മാവേലി സ്റ്റോറുകൾ എന്നീ വിപണന കേന്ദ്രങ്ങളിലൂടെ അവശ്യസാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡൈസ്ഡ് വിലയ്ക്ക് ഗുണനിലവാരം ഉറപ്പുവരുത്തി വിതരണം ചെയ്തുവരുന്നു. കൂടാതെ ഓണം, ക്രിസ്തുമസ്, റംസാൻ മുതലായ ഉത്സവവേളകളിൽ പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിച്ചു നിർത്തുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംസ്ഥാനത്തൊട്ടാകെ ഫെയറുകളും, മാർക്കറ്റുകളും സംഘടിപ്പിച്ച് അത്യാവശ്യ സാധനങ്ങളും പച്ചക്കറികളും ന്യായമായ വിലയ്ക്ക് വിതരണം ചെയ്തുവരുന്നു. ലോറി സമരം മുതലായ അടിയന്തിര ഘട്ടങ്ങളിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് പച്ചക്കറികൾ വാങ്ങി ന്യായമായ വിലയ്ക്ക് വിതരണം ചെയ്തുവരുന്നു. ഉപഭോക്താക്കളെ കൂടുതലായി ആകർഷിക്കുന്നതിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട മാവേലി സ്റ്റോറുകളെ ആധുനിക സൗകര്യമുള്ള ലാഭം സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തിക്കൊണ്ടിരിക്കുകയാണ്. ഈ സാമ്പത്തിക വർഷം 79 ലാഭം മാർക്കറ്റുകൾ കൂടി തുടങ്ങുവാനുള്ള നടപടികൾ എടുത്തുവരുന്നു. മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി എടുത്തുവരുന്നു. ഇതു കൂടാതെ പൊതുവിതരണം ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 6389848 റേഷൻ കാർഡുകൾ കമ്പ്യൂട്ടർ സഹായത്തോടെ പുതുക്കി നൽകി, വീട്ടു നമ്പരില്ലാത്ത 2380 കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകി. അന്ത്യോദയ, അന്നയോജന പദ്ധതിയിൽ 119200 കുടുംബങ്ങളെക്കൂടി ചേർത്തു. റേഷൻ വ്യാപാര ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള റേഷൻ വ്യാപാരികൾക്ക് നൽകുന്ന പെൻഷൻ 150 രൂപയിൽ നിന്ന് 500 രൂപയായി 2003 ഏപ്രിൽ മുതൽ വർദ്ധിപ്പിച്ചു നൽകി. ബി.പി.എൽ. കാർഡുടമകൾക്കു കൂടി ബി.പി.എൽ. നിരക്കിൽ ഗോതമ്പ് ലഭ്യമാക്കി, റേഷൻ കടകളിൽ സ്റ്റോക്കും വിലയും പ്രദർശിപ്പിക്കണമെന്ന നിർദ്ദേശവും എ.എ.വൈ., അന്നപൂർണ ഉപഭോക്താക്കളുടെ ലിസ്റ്റ് റേഷൻ കടകളിൽ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശവും കർശനമായി നടപ്പിലാക്കി. എഫ്.സി.ഐ.-യുടെ എല്ലാ ഡിപ്പോകളിലും എല്ലായ്പ്പോഴും ആവശ്യാനുസരണമുള്ള ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത, ഗുണനിലവാരം എന്നിവ ഉറപ്പ് വരുത്തി, അരിയുടെ ഗുണനിലവാരം ഉയർത്തി, ബി.പി.എൽ. അരിയുടെ ചെലവ് 100 ശതമാനമാക്കാൻ കഴിഞ്ഞു.

(സി) സംസ്ഥാനത്ത് റേഷൻ കടകൾ വ്യാപകമായി അടച്ചുപൂട്ടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly